പൊതുവിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം
തൊഴിലധിഷ്ഠിതഹയർസെക്കണ്ടറി (വിഭാഗം)
ഹൗസിംഗ്ബോർഡ്ബിൽഡിംഗ്, ശാന്തിനഗർ
തിരുവനന്തപുരം– 695001
ഫോൺ:– 0471–2325323
e-mail: dirvhse.dge@kerala.gov.in

**നം. ഇ 4/2108/2022** **തീയതി, 27/9/2023**

**കുറ്റാരോപണ മെമ്മോ**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസ് –ലെ നോൺ വൊക്കേഷണൽ ജി.എഫ്.സി (ജൂനിയർ)അദ്ധ്യാപകനായ ശ്രീ. ഷമീർ എം പി–യ്ക്ക് എതിരായ കുറ്റാരോപണ മെമ്മോ.

മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 11/6/2008 –ൽ നോൺ വൊക്കേഷണൽ ജി.എഫ്.സി (ജൂനിയർ) അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച താങ്കൾ , 27/03/2012 മുതൽ 26/03/2022 വരെ തുടർച്ചയായി 10 വർഷം വിദേശത്ത് മെച്ചപ്പെട്ട ജോലി ചെയ്യുന്നതിനായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. തുടർന്ന്, 27/03/2022 മുതൽ 31/05/2025 വരെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിക്കാൻ സാധിക്കാത്ത സാഹചര്യമായതിനാൽ തന്നെ,കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസ് –ൽ ജോലിയിൽ പ്രവേശിക്കുന്നതിന് താങ്കൾക്ക് ഉത്തരവ് നൽകുകയും ചെയ്തു. 01/06/2022–ൽ ടി സ്കൂളിൽ ജോലിയിൽ പ്രവേശിച്ച താങ്കൾ, 25/6/2022 മുതൽ നാളിതുവരെ ജോലിക്ക് ഹാജരാകുകയോ, ഹാജരാകാതിരിക്കുന്നതിന്റെ കാരണം അറിയിക്കുകയോ ചെയ്യാതിരുന്നത് താങ്കളുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അടച്ചടക്കരാഹിത്യവും കൃത്യവിലോപവുമാണ്. 25/6/2022 തീയതി മുതലുള്ള താങ്കളുടെ അനധികൃത ഹാജരില്ലായ്മയ്ക്ക്, താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം.15 പ്രകാരം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തുടർശിക്ഷണനടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ, അത് കാണിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക നൽകാൻ, ഈ നോട്ടീസ് ലഭിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തിനുള്ളിൽ താങ്കളുടെ പ്രതിവാദപത്രിക ലഭിക്കുന്നില്ലെങ്കിൽ, താങ്കൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ, അച്ചടക്കനടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആ വിവരം കൂടി അറിയിക്കേണ്ടതാണ്. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള രേഖകൾ,

താങ്കൾക്ക് പരിശോധിക്കാവുന്നതും കുറിപ്പുകൾ എഴുതി എടുക്കാവുന്നതുമാണ്. അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിൻമേൽ, മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും പ്രവൃത്തി ദിവസം, പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിക്കേണ്ട അവസാന തീയ്യതിക്ക് മുൻപായി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സാന്നിധ്യത്തിൽ രേഖകളിൽ നിന്നും ആവശ്യമുള്ള ഭാഗങ്ങൾ എഴുതി എടുക്കാവുന്നതാണ്.

മേൽ പറഞ്ഞ ചാർജ്ജുകൾ അടിസ്ഥാനമാക്കിയുള്ള ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

പൊതുവിദ്യാഭ്യാസഡയറക്ടർ

സ്വീകർത്താക്കൾ:

1. ശ്രീ. ഷമീർ എം പി ,നോൺ വൊക്കേഷണൽ ടീച്ചർ ജി.എഫ്.സി (ജൂനിയർ), ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ്, കൊട്ടാരക്കര (പ്രിൻസിപ്പാൾ മുഖേന).
2. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പൊതുവിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം
തൊഴിലധിഷ്ഠിതഹയർസെക്കണ്ടറി (വിഭാഗം)
ഹൗസിംഗ്ബോർഡ്ബിൽഡിംഗ്, ശാന്തിനഗർ
തിരുവനന്തപുരം– 695001
ഫോൺ:– 0471–2325323
**e-mail: dirvhse.dge@kerala.gov.in**
**തീയതി, 27/09/2023**

**നം. ഇ 4/2108/2022**

**ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 11/6/2008 –ൽ നോൺ വൊക്കേഷണൽ ജി.എഫ്.സി (ജൂനിയർ) അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച ശ്രീ. ഷമീർ എം പി എന്ന താങ്കൾ കെ.എസ്.ആർ.ഭാഗം XII (എ) പ്രകാരം 27/03/2012 മുതൽ 26/03/2022 വരെ തുടർച്ചയായി 10 വർഷം വിദേശത്ത് മെച്ചപ്പെട്ട ജോലി ചെയ്യുന്നതിനായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. തുടർന്ന് 27/03/2022 മുതൽ 31/05/2025 വരെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി താങ്കൾ വീണ്ടും അപേക്ഷ സമർപ്പിക്കുകയും, നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിക്കാൻ സാധിക്കാത്ത സാഹചര്യമായതിനാൽ തന്നെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസ് –ൽ ജോലിയിൽ പ്രവേശിക്കുന്നതിന് താങ്കൾക്ക് ഉത്തരവ് നൽകുകയും ചെയ്തു. 01/06/2022–ൽ കൊട്ടാരക്കര ഗവ. .വി.എച്ച്.എസ്.എസ് ഫോർ ഗേൾസ് –ൽ ജോലിയിൽ പ്രവേശിച്ച താങ്കൾ 25/6/2022 മുതൽ നാളിതുവരെ ജോലിക്ക് ഹാജരാകുകയോ, ഹാജരാകാതിരിക്കുന്നതിന്റെ കാരണം അറിയിക്കുകയോ ചെയ്യാതിരുന്നത് താങ്കളുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അടച്ചടക്കരാഹിത്യവും കൃത്യവിലോപവുമാണ്.

പൊതുവിദ്യാഭ്യാസഡയറക്ടർ

സ്വീകർത്താക്കൾ:

1. ശ്രീ. ഷമീർ എം പി ,നോൺ വൊക്കേഷണൽ ടീച്ചർ ജി.എഫ്.സി (ജൂനിയർ), ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ്, കൊട്ടാരക്കര (പ്രിൻസിപ്പാൾ മുഖേന).
2. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.